PL/13/2016

## മിഷൻ ഞായർ

1927 ൽ പതിനൊന്നാം പീയൂസ് മാർപാപ്പ തുടക്കമിട്ട ഒരു ദിനാചരണമാണ് മിഷൻ ഞായർ. ഒക്ടോബർ മാസത്തിലെ മൂന്നാം ഞായറാഴ്ചയാണ് മിഷൻ ഞായറായി ആഘോഷിക്കുന്നത്. സർവ്വജനത്തിനും വേണ്ടിയുള്ള രക്ഷയുടെ സദ്വാർത്തയായ സുവിശേഷം എല്ലാവരിലുമെത്തിക്കാനുള്ള ദൗത്യം സഭയിലെ എല്ലാ വിശ്വാസികൾക്കുമുള്ളതാണെന്ന് ആവർത്തിച്ചുറപ്പിക്കാനാണ് ഈ ആചരണം. വിശ്വാസിയുടെ അനുദിനജിവിതത്തിന്റെ ഗതി നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട വികാരമായി മിഷൻ അവബോധം മാറേണ്ടതുണ്ട്. യേശുവിനെയും, അവിടുന്നു വെളിപ്പെടുത്തിയ സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷത്തെയും, അതറിഞ്ഞിട്ടില്ലാത്തവരെ അറിക്കുക; മുന്നേതന്നെ അറിഞ്ഞാശ്ലേഷിച്ച സുവിശേഷം ചാരം കൊണ്ടുമൂടിയ കനൽ പോലെ ആയിപ്പോയിട്ടുള്ള വിശ്വാസികളിൽ ആ കനൽ ഊതിത്തെളിക്കുക– രണ്ടും സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാകുന്നു.

ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാനാണ് ക്രിസ്ത്യാനിയുടെ വിളി. ഉപ്പ് ഭക്ഷണത്തിനു രുചിയേകുന്നു. പുളിമാവിന്റേതു പോലുള്ള ആന്തരികപ്രവർത്തനമാണ് ഉപ്പിന്റേത്. രുചിച്ചുനോക്കി ഉപ്പിന്റെ സാന്നിധ്യമറിയാം; അഭാവം പെട്ടെന്നു മനസ്സിലാക്കുകയും ആവാം. അദൃശ്യമെങ്കിലും അനുഭവതലത്തിൽ ദൃശ്യമാണ് ഉപ്പിന്റെ സാന്നിധ്യം. പീഠത്തിൽ കത്തിച്ചുവച്ച വിളക്കു സന്നിഹിതമാണ്. ലോകത്തിന്റെ ആന്തരികവും ബാഹ്യവുമായ നന്മയിലേക്കുള്ള രുചിമാറ്റത്തിനുമാണ് ഉപ്പും വിളക്കുമായ ക്രൈസ്തവസാന്നിധ്യം ഉപകരിക്കേണ്ടത് എന്ന് യേശു ഈ ഉപമവഴി പഠിപ്പിക്കുന്നു.

യേശു ഏതാനും ശിഷ്യരെ തന്റെ അടുത്തേയ്ക്കു വിളിച്ച്, അവരെ പഠിപ്പിച്ച് ബലപ്പെടുത്തി അവരെ തന്റെ സാക്ഷികളായി ലോകത്തിലേയ്ക്ക് അയയ്ക്കുന്ന സംഭവം സുവിശേഷങ്ങളിൽ നമ്മൾ വായിച്ചറിയുന്നു. അനുദിനം നമ്മുടെ പള്ളികളിൽ നടക്കുന്ന ദിവ്യബലിയിൽ ഇതിന്റെ ആവർത്തനം തന്നെയാണ് നടക്കുന്നത്. തനിക്കിഷ്ടപ്പെട്ടവരെ അവിടുന്നു പറഞ്ഞുവിടുന്നു. ‘‘വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും’’ (നിയമ 6:7) താൻ അവിടുത്തെ ശിഷ്യനാണെന്നും ശിഷ്യത്വത്തിന്റെ സാക്ഷ്യം നൽകുന്ന ചിത്തവൃത്തിയാണു തന്നിലുണ്ടാകേണ്ടതെന്നും ക്രിസ്ത്യാനി ഓർത്തിരിക്കേണ്ടതുണ്ട്. താൻ വെളിച്ചത്തിന്റെ പുത്രനാണ്, അന്ധകാരത്തിന്റെ പ്രവൃത്തികൾ തന്നിലുണ്ടാവരുത് എന്ന നിർബന്ധബുദ്ധി ജിവിതത്തിന്റെ അടിസ്ഥാനഭാവമായി നിലനിർത്തേണ്ടതുണ്ട്. ‘‘അതിനാൽ, നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവമഹത്വത്തിനായിചെയുവിൻ’’(1 കോറി 10:13) എന്ന വിശുദ്ധ പൗലോസിന്റെ ആഹ്വാനം ഇക്കാര്യമാണ് പറഞ്ഞുതരുന്നത്.

ഒളിച്ചുവെച്ചുവെച്ച് സ്വന്തമായി അനുഭവിക്കാനുള്ള നിധിയല്ല വിശ്വാസം. മറിച്ച്, ഒരുക്കിയിട്ട വയലിൽ പാകി, വളമിട്ടു വളർത്തി നൂറുമേനി വിളയിക്കേണ്ട വിത്താണു വിശ്വാസം. ‘‘ഓരോ തുള്ളിച്ചോരയിൽ നിന്നും ഒരായിരംപേർ ഉയരുന്നു’’വെന്ന മുദ്രാവാക്യം കേട്ടിട്ടില്ലേ? രക്തസാക്ഷികളുടെ നിണമാണ് ക്രിസ്തുമതത്തിന്റെ വിത്ത് എന്ന് വി.ഇഗ്നേഷ്യസ്

പറഞ്ഞതോർക്കാം. വിശ്വാസാനുസൃത ജീവിതവും വചനപ്രഘോഷണവുംവഴി ഓരോ ക്രിസ്ത്യാനിയും അനേകരെ ക്രിസ്തുവിനു പരിചയപ്പെടുത്തേണ്ടതാണ്. ക്രിസ്തുമതം ലോകത്തിലെ ഏറ്റവും അധികം അംഗങ്ങളുള്ള മതമാണ് എന്നത് വസ്തുത തന്നെ. പക്ഷേ, ലോകജനസംഖ്യയിലെ വലിയൊരു ശതമാനം ക്രിസ്തുവിനെ ഇനിയും അറിഞ്ഞിട്ടില്ലാത്തവരാണ്. ഇവിടെയാണ് പൗലോസ് അപ്പോസ്തലന്റെ ചോദ്യം പ്രസക്തമാവുന്നത്: "എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും?"(റോമാ 10:14-15).

ജറുസലെമിൽനിന്ന് ഗാസായിലേയ്ക്കുള്ള പാതയിലേയ്ക്കു ദൈവനിവേശനത്താൽ പീലിപ്പോസ് ചെന്നതുകൊണ്ടാണ് എത്യോപ്യക്കാരന് യേശുവിനെ അറിയാനായത് (അപ്പ 8:26). ഡമാസ്ക്കസിൽ ജീവിച്ചിരുന്ന യേശുശിഷ്യനായ അനനിയാസ് ദർശനാനന്തരം തെരുവിലേയ്ക്കു ചെല്ലാതിരുന്നെങ്കിൽ സഭയിലെ നെടുന്തൂണായ പൗലോസിനെ നമുക്കു കിട്ടുമായിരുന്നോ? ഒരാൾ മറ്റൊരാൾക്കു വഴികാട്ടുന്നതുമൂലമാണ് വിശ്വാസം പ്രചരിക്കുന്നത്. തീക്ഷ്ണമായ വിശ്വാസമുള്ളയാൾക്കേ മറ്റൊരാളിലേയ്ക്കു വിശ്വാസം പകരാനാവൂ. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരത്തിനു യോജിച്ചഫലങ്ങൾ പുറപ്പെടുവിക്കുവിൻ എന്നു സ്നാപകയോഹന്നാൻ പ്രസംഗിച്ചപ്പോൾ "ഞങ്ങൾ എന്താണു ചെയ്യേണ്ടത്?"എന്നു ചോദിച്ച് ജനക്കൂട്ടം അദ്ദേഹത്തെ സമീപിച്ചില്ലേ? വചനം ബോദ്ധ്യമാകുംവിധം പ്രഘോഷിച്ചാൽ ഇന്നും കേൾക്കാൻ ആൾക്കാരുണ്ടാവും.

നമ്മുടെ ഉള്ളിൽ യേശു വന്നുനിറഞ്ഞാൽ നമ്മൾ തിടുക്കത്തിൽ സ്നേഹശുശ്രൂഷയ്ക്കായി ഇറങ്ങും- മറിയം മലഞ്ചെരിവിലൂടെ എലിസബത്തിന്റെ അടുത്തേയ്ക്ക് ബദ്ധപ്പെട്ട് പോയതുപോലെ. സേവിക്കാൻ മനസ്സുള്ള സുവിശേഷപ്രവർത്തകരെ ധാരാളമായി നമുക്കാവശ്യമുണ്ട്. സമൂഹത്തിന്റെ അരികുകളിലേയ്ക്കും മുറിവേറ്റവരുടെ അടുത്തേയ്ക്കുമൊക്കെ കടന്നുചെല്ലാൻ ഫ്രാൻസിസ് പാപ്പാ നമ്മളെ നിരന്തരം ഓർമ്മിപ്പിക്കുന്നുണ്ട്.

പ്രേഷിതരംഗത്തേയ്ക്കുള്ള വിളി ശ്രവിച്ച് പൂർണ്ണജീവിതം പ്രേഷിതവേലയ്ക്കായി സമർപ്പിച്ചിട്ടുള്ള ധാരാളം പേരുള്ള നാടാണ് കേരളം. ഏതാനും വർഷങ്ങൾ സുവിശേഷവേലയ്ക്കായി മാറ്റിവയ്ക്കാൻ തയ്യാറാകുന്ന യുവതീയുവാക്കളുടെ എണ്ണവും വർദ്ധിച്ചാണുവരുന്നത്. സ്വയമേവ ഇവയുടെ ഭാഗമായി പ്രേഷിതരംഗം സജീവമാക്കാൻ കുറേപ്പേർകൂടി സന്നദ്ധരാകുക എന്നത് ഇന്നത്തെ അടിയന്തിരാവശ്യമല്ലേ? പ്രേഷിതരംഗത്തുള്ളവരെ പ്രാർത്ഥനകൾകൊണ്ടും സാമ്പത്തികവിഭവശേഷികൊണ്ടും സഹായിക്കാൻ നമുക്കെല്ലാവർക്കും സാധിക്കും. നാമതുചെയ്തുശീലിച്ചവരാണ്. കൂടുതൽ ഉദാരതയോട ഈ വർഷം നമുക്ക് ഈ പങ്കാളിത്തശുശ്രൂഷ നിർവ്വഹിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ച് നമ്മുടെ ഇടവകളിലും സ്ഥാപനങ്ങളിലും നടത്തുന്ന വിഭവ സമാഹരണയത്നങ്ങൾ നമുക്കു വിജയിപ്പിക്കാം. കെടാതെ ജ്വലിച്ചുനില്ക്കുന്ന പ്രേഷിതചൈതന്യം നമ്മുടെ ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്രയാവട്ടെ.

ഫോർട്ടുകൊച്ചി + ജോസഫ് കരിയിൽ

29-09-2016 കൊച്ചി മെത്രാൻ

(ഈ സർക്കുലർ ഒക്ടോബർ 9 ഞായറാഴ്ച പള്ളിയിൽ വായിക്കുവാൻ താല്പര്യപ്പെടുന്നു).